## (ii) ദൈവദർശനം

ഇസ്‌ലാമിക ദർശനത്തിന്റെ കേന്ദ്രബിന്ദു ദൈവമാണ്. ഉണ്മയുടെ ആദികാരണമാകുന്നു ദൈവം-അല്ലാഹു. മറ്റൊരു കാരണത്തെ ആശ്രയിക്കാതെ അനാദിയായി സ്വയം ഭൂവായ അസ്തിത്വം മാത്രമേ ആദി കാരണമാകൂ. അവൻ മാത്രമാണ് അനിവാര്യമായ അസ്തിത്വം (വാജിബുൽ വുജൂദ്). ആദി കാരണമായ അനിവാര്യ അസ്തിത്വം ഒന്നിൽ കൂടുതലുണ്ടാവുക അസംഭവ്യമാകുന്നു. അതുകൊണ്ട് ദൈവം ഏകനായിരിക്കൽ അനിവാര്യമായിത്തീർന്നു. അവൻ നാശമില്ലാത്തവനും സർവ സദ്ഗുണ സമ്പൂർണനുമായിരിക്കേണ്ടതും അനിവാര്യമാണ്. അവന്റെ അറിവിനോ അധികാരത്തിനോ അതീതമായിരിക്കാൻ യാതൊന്നിനും കഴിയില്ല. അവൻ മാത്രമാണ് എല്ലാറ്റിനെയും ഉളവാക്കുന്നതും നിലനിർത്തുന്നതും നശിപ്പിക്കുന്നതും. ദൈവത്തിന്റെ സൃഷ്ടികൾ അവന്റെ ഇഷ്ടാനുസാരം പ്രവർത്തിക്കാൻ ബാധ്യസ്ഥരാകുന്നു. ഈ ബാധ്യത പൂർത്തീകരിക്കുന്നവർക്ക് അവനിൽനിന്ന് പ്രതിഫലം ലഭിക്കുക അവന്റെ നീതിനിഷ്ഠയുടെ താൽപര്യമാകുന്നു. ഉത്തരവാദിത്വങ്ങൾ ലംഘിച്ചവരെ ശിക്ഷിക്കുകയെന്നതും അപ്രകാരം തന്നെ.